(ഡി) രേഖകൾ നൽകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഡിപ്പാർട്ടുമെന്റിൽ നിന്നും യഥാസമയം കണക്കുകളും രേഖകളും ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, വികസന അതോറിറ്റികൾ എന്നിവർക്കെതിരെയാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.

(സി) ആഡിറ്റിംഗിനായി ഫയലുകൾ യഥാസമയം നൽകണമെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇതിന് ഉദ്ദേശമില്ല.

രണ്ടാം വാർഷിക പദ്ധതിയിൽ കുറവ് വന്ന തുക നൽകുന്നതിന് നടപടി

70 (3158)ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. മൊയീൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാം വാർഷിക പദ്ധതിയിൽ 31.3.99-ന് 75%-ൽ കുറവ് വന്ന സംഖ്യ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഓണറേറിയം യാത്രബത്തയിനത്തിൽ എന്തു കുടിശ്ശികയുണ്ട്;

(സി) എങ്കിൽ അത് കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നുമാണ് ജനപ്രതിനിധികൾക്ക് ഓണറേറിയവും യാത്രാബത്തയും നൽകുന്നത്. സ്വന്തം ഫണ്ടുള്ള തദ്ദേശ സ്ഥാപനങ്ങൾ അടുത്തമാസങ്ങളിൽതന്നെ അവ നൽകുന്നു. ഫണ്ടില്ലാത്ത പഞ്ചായത്തുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകുന്നു. കുടിശ്ശിക കണക്കാക്കിയിട്ടില്ല.

(സി) പഞ്ചായത്തുകളുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക നൽകുന്നതാണ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ

71 (3159)ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന സർക്കാരും, ആസൂത്രണ ബോർഡും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഓരോ വർഷവും കൈമാറിയ വിഹിതം എത്ര; ഇതിൽനിന്ന് ഓരോ വർഷവും എന്തു തുക ചെലവഴിച്ചു; എന്തു തുക ലാപ്സാകാനിടയായെന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പദ്ധതി വിഹിതത്തിന് പുറമേ അവയുടെ പദ്ധതിക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(എ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)(1) ജനകീയാസൂത്രണത്തിന്റെ പുരോഗതി തദ്ദേശ സ്വയംഭരണം, പിന്നോക്ക പട്ടിക സമുദായക്ഷേമം എന്നീ വകുപ്പ് മന്ത്രിമാരുടെ ആഭിമുഖ്യത്തിൽ യഥാസമയം വിലയിരുത്തൽ നടത്താറുണ്ട്.

(2) ചില പ്രത്യേക പ്രോജക്ടുകളുടെ നിർവഹണം, പ്രത്യേക തദ്ദേശ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ എന്നിവ ഗവേഷണ സ്ഥാപനങ്ങളുടെയും അക്കാഡമി വിദഗ്ദ്ധരുടെയും നേതൃത്വത്തിൽ അവലോകനം ചെയ്യുവാൻ സംസ്ഥാന ആസൂത്രണ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(3) മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും സംസ്ഥാന അടിസ്ഥാനത്തിലുള്ള പങ്കാളിത്ത പഠന പരമ്പര സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഓരോ വർഷവും നൽകിയ പദ്ധതി വിഹിതം ചുവടെ ചേർക്കുന്നു.

(രൂപ കോടിയിൽ)

വർഷം	സംസ്ഥാന വിഹിതം	സംസ്ഥാനാവിഷ്കൃത വിഹിതം	ആകെ തുക
1997-98	740	276	1025
1998-99	950	166	1116
1999-2000	1020	134.4	1154.4

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ചെലവഴിച്ച തുക(ലക്ഷത്തിൽ)

1997-98	98-99	99-2000

LIBRARY ARCHIVES Kerala Legislative Assembly

ജില്ല/ഗ്രാമ പഞ്ചായത്തുകൾ	40477.94	34080.20	2.41,503.18 (ജനുവരി 31 വരെ)
കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ	9311.07	8839.86	9111.7998
ബ്ലോക്ക് പഞ്ചായത്ത്	10228.91	6745.01402	5744.43960 (ജനുവരി 31 വരെ)

1997-98-ൽ 90%-ഉം 98-99-ൽ 75%-ഉം ചെലവഴിക്കാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് യഥാക്രമം ചെലവഴിക്കാത്ത തുക കുറച്ചാണ് അടുത്ത വർഷത്തെ പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്. ആയതിന്റെ തുക ലാപ്സാകുന്നില്ല.

(ഡി) ഉണ്ട്.

(ഇ) കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായി ഏറ്റെടുത്തിട്ടുള്ള സമ്പൂർണ്ണ ഭവന പദ്ധതികൾക്ക് സർക്കാർ ഗാരന്റി നൽകുന്നുണ്ട്.

പാർട്ട്ടൈം ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

72 (3160)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിനു കീഴിൽ പാർട്ട്ടൈം ജീവനക്കാരുടെയും പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടെയും തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇവ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഗ്രാമവികസന വകുപ്പിനു കീഴിലെ ബ്ലോക്കു പഞ്ചായത്തുകളിൽ മൂന്നു വർഷത്തിൽ കുറയാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ പാർട്ട്ടൈം സ്വീപ്പറായി ജോലി ചെയ്തവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ബ്ലോക്ക് പഞ്ചായത്തുകളിൽ മൂന്നു വർഷത്തിൽ കുറയാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ പാർട്ട്ടൈം സ്വീപ്പറായി ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നടപടി കൈകൊള്ളുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടേതായ ഒരു പ്രത്യേക കേഡർ രൂപീകരിക്കുന്നതിന് 21.12.99-ലെ ജി.ഒ.(എം.എസ്)261/99/ത.സ്വ.ഭ.വ.പ്രകാരം ഉത്തരവായിട്ടുണ്ട്. 14 ജില്ലകളിലായി 159 തസ്തികകൾ ഇത് പ്രകാരം ഈ കേഡറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി)&(സി) ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

ജനകീയാസൂത്രണത്തിൽപ്പെടുത്തി വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

73 (3161)ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :

LIBRARY ARCHIVES Kerala Legislative Assembly